entri

## Current affairs 04 Aug 2025

**2025 ആഗസ്റ്റിൽ അന്തരിച്ച എഴുത്തുകാരനും, സാഹിത്യ വിമർശകനും, അധ്യാപകനുമായ വ്യക്തി**

**പ്രൊഫ. എം.കെ. സാനു**

- ആലപ്പുഴ ജില്ലയിലെ തുമ്പോളിയിൽ 1928ൽ എം.സി. കേശവന്റെയും കെ.പി. ഭവാനിയുടെയും മകനായി ജനിച്ചു.
- 1958-ൽ 'അഞ്ചു ശാസ്ത്ര നായകന്മാർ' എന്ന ആദ്യ ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
- 1987-ൽ എറണാകുളം നിയമസഭാ മണ്ഡലത്തിൽ നിന്നും ഇടതുപക്ഷ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ചു.
- ആത്മകഥ : കർമ്മഗതി
- 1985 : നിരൂപണ-പഠനസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം (പുസ്തകം-അവധാരണം)
- 1992 : വയലാർ അവാർഡ് (പുസ്തകം-ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം)
- 2002 : കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനക്കുള്ള പുരസ്കാരം
- 2011 : പത്മപ്രഭ സാഹിത്യ പുരസ്കാരം
- 2011 : കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (പുസ്തകം - ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ)
- 2013 : എഴുത്തച്ഛൻ പുരസ്കാരം
- പ്രധാന കൃതികൾ : ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം (ജീവചരിത്രം), യുക്തിവാദി എം.സി. ജോസഫ് (ജീവചരിത്രം), ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ (ജീവചരിത്രം), ഉറങ്ങാത്ത മനീഷി (പി.കെ. ബാലകൃഷ്ണന്റെ ജീവചരിത്രം), മോഹൻലാൽ - അഭിനയ കലയിലെ ഇതിഹാസം

---


**ഇന്ത്യയിലെ ആദ്യത്തെ ഓഫ്-ഗ്രിഡ് 5 മെഗാവാട്ട് ഗ്രീൻ ഹൈഡ്രജൻ പൈലറ്റ് പ്ലാന്റ് നിലവിൽ വന്നത്**



**കച്ച്, ഗുജറാത്ത്**

---

**ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയമായി നിർമ്മിച്ച 1 മെഗാവാട്ട് ഗ്രീൻഹൈഡ്രജൻ പ്ലാന്റ് നിലവിൽ വന്നത്**

**കാണ്ട്ല തുറമുഖം, ഗുജറാത്ത്**

4.8 ★ Download the app now | Learn in Malayalam